പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2888 **29-10-2026-ൽ മറുപടിയ്ക്ക്**

മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. എം. ശശി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) 2025 ഒക്ടോബർ 14-ലെ സ.ഉ.(സാധാ)നമ്പർ 1528/2025/പി.ഡബ്ല്യു.ഡി. പ്രകാരം 1.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മറുപടി: മുടപ്പല്ലൂർ-മംഗലം ഡാം റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് 02.03.2026-ന് കരാറിലേർപ്പെടുകയും 12.03.2026-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി GSB, WMM എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ തുലാവർഷ മഴ ആരംഭിച്ചതിനാൽ ടാറിങ് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ